**No. CEE/4245/PGM-2018/TA3**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ (ഡിഗ്രി/ഡിപ്ലോമ) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം, 2018–19 ഒഴിവുള്ള സീറ്റുകളിലേയ്ക്കുള്ള മോപ്പ്–അപ്പ് കൗൺസിലിംഗ് സംബന്ധിച്ച്

സംസ്ഥാനത്തെ പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാംഘട്ട കൗൺസലിംഗിനുശേഷം സർക്കാർ മെഡിക്കൽ കോളേജുകളിലും, തിരുവനന്തപുരം ആർ.സി.സി–യിലും സ്വാശ്രയ മെഡിക്കൽ കോളേജുകളിലും, ഒഴിവു വരുന്ന സീറ്റുകൾ നികത്തുന്നതിനായുള്ള മോപ്പ്–അപ്പ് കൗൺസിലിംഗ് 2019 മെയ് 6–ാം തീയതി രാവിലെ 9.30 മുതൽ തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്. മോപ്പ്–അപ്പ് കൗൺസലിംഗ് കേന്ദ്രം പിന്നീട് അറിയിക്കുന്നതാണ്.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, മോപ്പ്–അപ്പ് കൗൺസലിംഗിൽ പങ്കെടുക്കാൻ അർഹതയുള്ളതുമായ വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'PGMedical2019-Candidate Portal'**–ൽ പ്രവേശിച്ച് **'Mop-Up Registration'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ സൗകര്യം 04.05.2019 മുതൽ 05.05.2019 രാത്രി 8 മണി വരെ വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. കൂടാതെ മോപ്പ്–അപ്പ് രജിസ്ട്രേഷൻ സ്ലിപ്പ് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. മോപ്പ്–അപ്പ് റൗണ്ട് കൗൺസിലിംഗിൽ പങ്കെടുക്കുന്നവർ നിർബന്ധമായും മോപ്പ്–അപ്പ് രജിസ്ട്രേഷൻ സ്ലിപ്പ് ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റിലെ വിശദമായ വിജ്ഞാപനം കാണുക.

**ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471–2332120, 2339101, 2339102, 2339103, 2339104**

Seetha

തിരുവനന്തപുരം
02.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**